(എ) 'കൺസ്യൂമർ കാർഡ്' ഉപഭോക്താവിനെ സഹായിക്കാനുള്ളതാണെന്ന് സർക്കാർ അറിയിക്കുമ്പോൾ വൈദ്യുതി ബോർഡും ഉപഭോക്താവും തമ്മിൽ കേസ്സ് ഉണ്ടാവുകയാണെങ്കിൽ കൺസ്യൂമർ കാർഡ് കോടതിയിൽ രേഖയായി ഉപയോഗിക്കുമെന്ന് വൈദ്യുതി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) കൺസ്യൂമർ കാർഡിൽ നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക വിവരങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കൾക്ക് പൂരിപ്പിച്ചു നൽകാൻ കഴിയാതിരിക്കുകയും ഭാഗികമായി പൂരിപ്പിച്ച ഫോമിലെ ഡിക്ലറേഷനിൽ ഒപ്പിടുകയും ചെയ്യേണ്ടിവരുന്നതുമൂലം ഉപഭോക്താവ് പ്രതിസന്ധിയിൽ ആകാൻ ഇടയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് ഫലപ്രദമായി പരിഹരിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (എസ്. ശർമ്മ) :

(എ) ഉപഭോക്താവിന് ആവശ്യമെങ്കിൽ കോടതിയിൽ രേഖയായി ഹാജരാക്കാവുന്നതാണ്.

(ബി) കൺസ്യൂമർക്ക് ബോർഡുമായുള്ള ഇടപാടുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആധികാരിക രേഖയാണ് കൺസ്യൂമർ കാർഡ്. പ്രസ്തുത ഇടപാടുകളിൽ എന്തെങ്കിലും തർക്കം ഉണ്ടായാൽ കൺസ്യൂമർ ആഗ്രഹിക്കുന്നപക്ഷം തെളിവായി കൺസ്യൂമർ കാർഡ് കോടതിയിൽ ഹാജരാക്കാവുന്നതാണ്. കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഉപഭോക്താവിന്റെ പക്കൽ ഇല്ലാതിരുന്നതുകൊണ്ട് മേല്പറഞ്ഞ തർക്കങ്ങളിൽ ഇത്തരം രേഖകൾ സമർപ്പിക്കാൻ ഉപഭോക്താവിന് കഴിയാതെ വരികയും നീതി ലഭിക്കാതിരുന്നതുമായ സന്ദർഭങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) കൺസ്യൂമർ കാർഡ് ലഭ്യമാക്കാൻ കൺസ്യൂമർ പൂരിപ്പിച്ച് നൽകേണ്ടിവരുന്ന നിശ്ചിത ഫോറത്തിൽ 19 കോളങ്ങൾ ഉണ്ടായിരുന്നതിൽ എട്ടു കോളങ്ങൾ ഉപഭോക്താക്കൾ പൂരിപ്പിച്ചു നൽകേണ്ടതില്ലെന്നും, അപ്രകാരം നൽകിയില്ലെങ്കിൽ ഉപഭോക്താവ് ഒരുതരത്തിലും ഉത്തരവാദിയാകില്ലെന്നും കാണിച്ച് 10/3/2000-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉപഭോക്താവ് സ്വയം പൂരിപ്പിച്ച വിവരങ്ങൾക്ക് മാത്രമേ ഉപഭോക്താവിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുകയുള്ളൂ.

വാട്ടർ മീറ്ററിന്റെ വാടക

12 (*631) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ വാട്ടർ മീറ്ററിന് വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) ആദ്യം നിശ്ചയിരുന്ന വാടക എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 20.6.1998ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ വാങ്ങി നൽകേണ്ടതാണ്. ഇപ്രകാരം ഉപഭോക്താവ് വാങ്ങി ഘടിപ്പിക്കുന്ന വാട്ടർ മീറ്ററിന് വാടക ഈടാക്കുന്നില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ സ്റ്റോക്ക് ഉള്ള മീറ്ററുകൾ ഗാർഹിത കണക്ഷനുകൾക്ക് ഉപയോഗിക്കാറുണ്ട്. ഇപ്രകാരം വാട്ടർ അതോറിറ്റിയുടെ മീറ്ററുകൾ ഘടിപ്പിക്കുന്ന കണക്ഷനുള്ള ഉപഭോക്താക്കളിൽനിന്നും പ്രതിമാസം 10 രൂപ പ്രകാരം വാടക ഈടാക്കുന്നുണ്ട്.

(ബി) 4.12.1991-ൽ സർക്കാർ ഉത്തരവ് പ്രകാരം ആദ്യം നിശ്ചയിച്ചിരുന്ന വാടക പ്രതിമാസം 5 രൂപ പ്രകാരമായിരുന്നു.

(സി) 20.6.1998 ലെ സർക്കാർ ഉത്തരവ് പ്രകാരം വാടക നിരക്ക് പ്രതിമാസം 10 രൂപ ആക്കിയതിൽ പിന്നെ വാടക വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓഫീസുകൾ

13 (*632)ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സബ്ഡിവിഷൻ ഓഫീസുകളും അതിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സബ്ഡിവിഷൻ, സെക്ഷൻ, ഓഫീസുകൾ വീതം കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൈമാറുന്ന ഓഫീസുകളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

വൈദ്യുതി ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ്

14 (* 633)ശ്രീ. കെ.സി. വേണുഗോപാൽ :

LIBRARY ARCHIVES Kerala Legislative Assembly